അർബൻ 2020 പദ്ധതി

74 (5422) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ ഏതെല്ലാം നഗരങ്ങളെയാണ് അർബൻ 2020 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; ഇതിലൂടെ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്നറിയിക്കുമോ ?

ഉത്തരം

നഗരവികസനവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളുടെയും ദീർഘകാല വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക എന്നതാണ് അർബൻ 2020 പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. സ്വന്തം നിലയിൽ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ ആധുനികമായ സാങ്കേതിക പരിജ്ഞാനവും തനത് ഫണ്ടും ലഭ്യമല്ലാത്ത നഗരസഭകൾക്ക് ഉയർന്ന സാങ്കേതിക വൈദഗ്ധ്യമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ.-കൾ) കാലേക്കൂട്ടി തയ്യാറാക്കാനും പ്രസ്തുത ഡി.പി.ആർ.-കൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സർക്കാരും, മറ്റ് ഫണ്ടിങ്ങ് ഏജൻസികളും നൽകിവരുന്ന ഗ്രാന്റുകൾ നേടിയെടുക്കുന്നതിനും നഗരസഭകളെ സഹായിക്കുകയുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. കേരളത്തിലെ എല്ലാ നഗരസഭകൾക്കും ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. പ്രത്യേകമായി ഒരു നഗരത്തെയും ഉൾപ്പെടുത്തേണ്ടതില്ല.

സമഗ്ര നഗരവികസനം

75 (5423) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി സമഗ്ര നഗരവികസനം ലക്ഷ്യം വച്ച് ഏതൊക്കെ പദ്ധതികൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞോയെന്നും ഇല്ലെങ്കിൽ അതിന്റെ കാരണവും വ്യക്തമാക്കാമോ ;

(സി) ഇപ്പോൾ ഏതൊക്കെ നഗരവികസന പദ്ധതികളാണ് മിഷൻ 676 പ്രകാരം പുരോഗമിച്ചുകൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly